(ബി) ഇത് എന്നത്തേക്ക് പണി പൂർത്തിയാക്കി വിശ്രമകേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പ് നിർമ്മിക്കുന്ന വഴിയോര വിശ്രമകേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ആഗസ്റ്റ് ആദ്യവാരത്തിൽ ടി വിശ്രമകേന്ദ്രത്തിന്റെ ഉദ്ഘാടനം നടത്താനാണ് ഉദ്ദേശിക്കുന്നത്.

വിദേശ രാജ്യങ്ങളുടെ സഹായത്തോടെ മത്സ്യകൃഷി

112 [3259] ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ സഹായത്താൽ സംസ്ഥാനത്തെ ഏതെല്ലാം മേഖലകളിൽ ഏതെല്ലാം മത്സ്യകൃഷികളാണ് നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് മൊത്തം എത്ര ഹെക്ടർ സ്ഥലത്ത് ചെമ്മീൻ വളർത്തി വരുന്നു; അതിൽ വിദേശ സഹായത്തോടുകൂടി ചെമ്മീൻ കൃഷി നടത്തുന്നത് എത്ര ഹെക്ടർ സ്ഥലത്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിദേശ സഹായത്തോടുകൂടിയുള്ള മത്സ്യകൃഷി നിലവിലില്ല.

(ബി) 4244.04 ഹെക്ടർ സ്ഥലത്ത് ചെമ്മീൻ കൃഷി നടത്തി വരുന്നു. വിദേശ സഹായത്തോടെയുള്ള ചെമ്മീൻ കൃഷി പദ്ധതി ഇപ്പോൾ നിലവിലില്ല.

ഡോക്ടർ ബാലകൃഷ്ണൻ കമ്മീഷൻ ശുപാർശകൾ

113 [3260] ശ്രീ. ബിനോയ് വിശ്വം :

" പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനം സംബന്ധിച്ച ഡോക്ടർ ബാലകൃഷ്ണൻ കമ്മീഷൻ 1989-ൽ സമർപ്പിച്ച പഠന റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) 1999-ൽ വീണ്ടും നിലവിൽ വന്ന ഡോക്ടർ ബാലകൃഷ്ണൻ കമ്മീഷന്റെ ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ;

(സി) ഈ കമ്മീഷനുകളുടെ ശുപാർശകളിൻമേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു:

(1) കടൽ മത്സ്യബന്ധനത്തിൽ വിവിധ തരം യാനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ദൂരപരിധി കർശനമായും പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(2) യന്ത്രവത്കൃത ബോട്ടുകൾ ഉപയോഗിച്ചുള്ള രാത്രികാല മത്സ്യബന്ധനം (ഗിൽനെറ്റ് ഒഴികെ) കർശനമായും നിരോധിക്കേണ്ടതാണ്.

(3) മത്സ്യബന്ധന യാനങ്ങൾക്ക് രജിസ്ട്രേഷനും ലൈസൻസും ഉണ്ട് എന്ന് ഉറപ്പുവരുത്തണം.

(4) സംസ്ഥാനത്തെ കടലിൽ പ്രവർത്തിക്കുന്ന യന്ത്രവത്കൃത ബോട്ടുകളുടെ എണ്ണം കുറയ്ക്കേണ്ടതാണ്.

(5) ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ പൂർണ്ണമായും ട്രോളിംഗ് നിരോധനം ഏർപ്പെടുത്തേണ്ടതാണ്.

(6) സംസ്ഥാനത്തിന്റെ ടെറിറ്റോറിയൽ മേഖലയിൽ റിംഗ്സീൻ, പാഴ്സീൻ, പെലാജിക് സീൻ, മിഡ്വാട്ടർ ട്രാൾ എന്നിവയുടെ ഉപയോഗം കർശനമായി നിരോധിക്കണം.

(7) 15 കുതിരശക്തിയിൽ കൂടുതൽ ശക്തിയുള്ള ഔട്ട് ബോർഡ് മോട്ടോറുകൾക്ക് രജിസ്ട്രേഷൻ അനുവദിക്കരുത്.

(8) കലാവർ കമ്മിറ്റി നിർദ്ദേശിച്ച രീതിയിൽ വലകളുടെ കണ്ണി വലിപ്പം നിയന്ത്രിക്കേണ്ടതാണ്.

(9) സംസ്ഥാനത്തെ ഓരു ജല കായൽ പ്രദേശങ്ങളിൽ മത്സ്യ സമ്പത്ത് സംരക്ഷണത്തിനായി വിവിധ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

(10) മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിന് ഫിഷറീസ് റിസോർസ് മാനേജ്മെന്റ് സെൽ രൂപീകരിക്കണം.

(ബി) പ്രധാന ശുപാർശകൾ ചുവടെ ചേർക്കുന്നു:

(1) ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ ട്രോളിംഗ് നിരോധനം നടപ്പാക്കണം.

(2) വിവിധ സർവ്വകലാശാലകൾ, സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ആലോചിച്ച് സംസ്ഥാനത്ത് ഫിഷറീസ് മാനേജ്മെന്റ് നടപടികളുടെ ഒരു പാക്കേജ് പ്രോഗ്രാം ഫിഷറീസ് വകുപ്പ് ഉണ്ടാക്കേണ്ടതാണ്.

(3) 25 കുതിരശക്തിയിൽ കൂടുതൽ ശക്തിയുള്ള ഔട്ട് ബോർഡ് മോട്ടോറുകൾ സംസ്ഥാനത്തിന്റെ ടെറിട്ടോറിയൽ മേഖലയിൽ പ്രവർത്തിക്കാൻ അനുവദിക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

(4) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മത്സ്യബന്ധന യാനങ്ങളുടെയും വലകളുടെയും സെൻസസ് എടുക്കേണ്ടതാണ്.

(5) ചെമ്മീൻ, കൊഞ്ച്, ഞണ്ട് തുടങ്ങിയവയുടെ കുഞ്ഞുങ്ങളെ കായൽ പ്രദേശങ്ങളിൽ നിന്നും അഴിമുഖങ്ങളിൽ നിന്നും ശേഖരിക്കുന്നത് തടയേണ്ടതാണ്.

(6) സംസ്ഥാനത്തിന്റെ കായലുകളിൽ പ്രവർത്തിക്കുന്ന വലകളുടെ കണ്ണി വലിപ്പം നിയന്ത്രിക്കുകയും ലൈസൻസില്ലാത്ത ഊന്നി, കുറ്റിവലകൾ പൂർണ്ണമായും നീക്കം ചെയ്യേണ്ടതുമാണ്.

(7) മത്സ്യസമ്പത്തിന് നാശമുണ്ടാകുന്ന രീതിയിലുള്ള മത്സ്യബന്ധന രീതികൾ നിരോധിക്കുകയും അവ കർശനമായും നടപ്പാക്കുകയും വേണം.

(8) എഫ്.എ.ഒ. നിർദ്ദേശിച്ച രീതിയിൽ "ഉത്തരവാദിത്ത മത്സ്യബന്ധനത്തിനുള്ള പെരുമാറ്റ ചട്ടങ്ങൾ" സംസ്ഥാനത്തു നടപ്പാക്കുന്നതിനുള്ള പ്രായോഗികതകളെപ്പറ്റി പഠിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കേണ്ടതാണ്.

(സി) (1) കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന വിവിധ തരം യാനങ്ങൾക്ക് ഏർപ്പെടുത്തിയ ദൂരപരിധി പാലിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(2) യന്ത്രവത്കൃത ബോട്ടുകൾ ഉപയോഗിച്ചുള്ള രാത്രികാല മത്സ്യബന്ധനം നിരോധിച്ചിട്ടുണ്ട്.

(3) മൺസൂൺ കാലത്ത് ഒരു നിശ്ചിത കാലയളവിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്താറുണ്ട്.

(4) മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിന് ഫിഷറീസ് റിസോർസ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) രൂപീകരിച്ചിട്ടുണ്ട്.

(5) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മത്സ്യബന്ധന യാനങ്ങളുടെയും വലകളുടെയും സെൻസസ് എടുത്തുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ട്രോളിംഗ് നിരോധന വ്യവസ്ഥകളിൽ ഇളവ് അനുവദിക്കുവാനുള്ള തീരുമാനം

114 [3261] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺകാല ട്രോളിംഗ് നിരോധന വ്യവസ്ഥകളിൽ എന്തെങ്കിലും ഇളവുകൾ അനുവദിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇളവുകൾ സംബന്ധിച്ച തീരുമാനം വിശദമാക്കാമോ;

(സി) ബോട്ടുടമകളുടെ പ്രതിനിധികളുമായി യു.ഡി.എഫ്. കൺവീനറുടെ സാന്നിദ്ധ്യത്തിൽ മന്ത്രി തൈക്കാട് ഗസ്റ്റ്ഹൗസിൽ ചർച്ച നടത്തുകയുണ്ടായോ;